# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T.3836 31.01.2014 ൽ മറുപടിക്ക്

### ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) |
| (എ) ആദർശ് സ്റ്റേഷനാക്കി ഉയർത്തിയ ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ രണ്ടാം പ്ലാറ്റ്ഫോമിലേക്ക് ഹൈലെവൽ പ്ലാറ്റ് ഫോമുകളും, ടോയ്ലറ്റുകളും, സീറ്റിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിൻപ്രകാരം എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | ആദർശ് സ്റ്റേഷന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം നിലവിൽ ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പുതുതായി പ്ലാറ്റ്ഫോം ഉയർത്തൽ, കുടിവെള്ളം, ഇരിപ്പടം എന്നിവയ്ക്കായി 1.25 കോടി രൂപയുടെ പണികൾ അവാർഡ് ചെയ്തിട്ടുണ്ട്. 2-ാം പ്ലാറ്റ്ഫോം ഐലന്റ് (Island) പ്ലാറ്റ് ഫോമായതിനാൽ അവിടെ ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്തുന്നത് തത്ക്കാലം റയിൽവേയുടെ പരിഗണനയിലില്ല. |
| (ബി) ചാലക്കുടി ഡിവൈൻ നഗർ സ്റ്റേഷനിൽ ആഴ്ചയിൽ 3 ദിവസം സ്റ്റോപ്പുള്ള കുർല എക്സ്പ്രസ്സ് ട്രെയിനിന് മറ്റു നാലു ദിവസങ്ങളിൽ ചാലക്കുടി സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനും, കൊച്ചുവേളി - ബാംഗ്ലൂർ പ്രതിദിന ട്രെയിൻ, ആലപ്പുഴ - ധൻബാദ് ട്രെയിൻ എന്നീ വണ്ടികൾക്ക് ചാലക്കുടി സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ചാലക്കുടി റയിൽവേ സ്റ്റേഷനിൽ എല്ലാ സൂപ്പർ ഫാസ്റ്റ് ട്രെയിനുകൾക്കും സ്റ്റോപ്പ് അനുവദിക്കണമെന്നും, ട്രെയിൻ നം. 12624-12623, 16305-16306, 16345-16346, 13352-13351, 16343-16344, ചെന്നൈ - തിരുവനന്തപുരം മെയിൽ, ഇന്റർസിറ്റി, കുർല, ബൊക്കാറോ-ആലപ്പുഴ, അമൃത എന്നീ ട്രെയിനുകൾക്കും സ്റ്റോപ്പ് അനുവദിക്കണമെന്ന് 2014-15 ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നവംബർ 2014 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ